(ഇ) സാക്ഷരത കൈവരിക്കുന്നവർക്ക് സംസ്ഥാനമിഷൻ നടത്തുന്ന ഒന്നാംഘട്ടമായ നാലാംതരം തുല്യതാ കോഴ്സിലേക്കും നാലാംതരം യോഗ്യത നേടുന്നവരെ ഏഴാംതരം തുല്യത കോഴ്സിലേക്കും ഏഴാംതരം തുല്യത നേടുന്നവരെ ഔപചാരിക പത്താം തരത്തിന് സമാനമായ പത്താംതരം തുല്യത കോഴ്സിലേക്കും ചേർന്ന് പഠിച്ച് യോഗ്യത നേടുന്നതിന് അവസരമുണ്ട്.

(എഫ്) ഇതിനായി ജില്ലകളിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാക്ഷരതാ പ്രേരക്മാർക്ക് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ യാതൊരു സാമ്പത്തിക സഹായമില്ലാഞ്ഞിട്ടും പ്രേരക്മാരുടെ ഓണറേറിയം 2000 രൂപയാക്കിമാറ്റും എന്ന് അടുത്ത വർഷത്തെ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്.

വ്യവസായ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ സ്വീകരിച്ച നടപടികൾ

24 (*264) ശ്രീ. വി. ശശികുമാർ :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) വൻകിട നിക്ഷേപങ്ങൾ ആകർഷിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രവാസികൾക്ക് വ്യവസായ നിക്ഷേപങ്ങൾക്ക് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുമോ ;

(ഡി) പ്രവാസികൾക്കായി കേരളത്തിൽ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഈ സർക്കാർ വന്നശേഷം വ്യവസായ രംഗത്ത് ഉണ്ടായ പ്രധാന നേട്ടങ്ങൾ വ്യക്തമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ&ബി) കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി തീർക്കാനും വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനുമായി കെ.എസ്.ഐ.ഡി.സി., കിൻഫ്ര, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് എന്നിവയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തിനകത്തും പുറത്തും നിക്ഷേപ സംഗമങ്ങൾ നടത്തുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായ വികസനത്തിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലേക്കായി ഇൻഫ്രാസ്ട്രക്ചേഴ്സ് കേരള ലിമിറ്റഡ്

LIBRARY ARCHIVES Kerala Legislative Assembly

(ഇൻകൽ) എന്ന കമ്പനി രൂപീകരിച്ചു. കൂടാതെ, സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ അന്തരീക്ഷം മറുനാടുകളിലെത്തിക്കുന്നതിനും വിദേശ മലയാളികളെ സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിന് ആകർഷിക്കുന്നതിനുമായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പിലെ ഉദ്യോഗ സ്ഥരും വിദേശ രാജ്യങ്ങൾ സന്ദർശിക്കുകയും അവിടത്തെ വ്യവസായ പ്രമുഖരുമായി ചർച്ചകൾ നടത്തുകയുമുണ്ടായിട്ടുണ്ട്. വൻകിട പദ്ധതികൾക്ക് ഏകജാലക ക്ലിയറൻസ് സംവിധാനത്തിലൂടെ വിവിധ വകുപ്പുകളിൽ നിന്ന് ലഭിക്കേണ്ടുന്ന അനുമതികൾ ത്വരിതപ്പെടുത്തി ലഭ്യമാക്കുന്നു.

(സി) പ്രവാസികൾക്ക് വ്യവസായ നിക്ഷേപങ്ങൾക്ക് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം കെ.എസ്.ഐ.ഡി.സി. പരിശോധിക്കുന്നതാണ്.

(ഡി) പ്രവാസികൾക്കായി പ്രത്യേക വ്യവസായ പാർക്ക് ആരംഭിക്കുന്ന കാര്യം കെ.എസ്.ഐ.ഡി.സി. പരിഗണിച്ച് വരികയാണ്. പ്രവാസി വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കിൻഫ്ര സ്ഥാപിച്ച എല്ലാ വ്യവസായ പാർക്കുകളിലും മുൻഗണന നൽകാറുണ്ട്. ഇതുപ്രകാരം നിരവധി പ്രവാസി വ്യവസായ സംരംഭകർ അവരുടെ യൂണിറ്റുകൾ കിൻഫ്ര പാർക്കുകളിൽ വിജയകരമായി നടത്തിവരുന്നു.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു പുതിയ വ്യവസായ നയം-2007 പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാൻ നൂതനമായ പല നയങ്ങളും പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പോളിസിയിൽ ഊന്നൽ കൊടുക്കുന്നത് അടിസ്ഥാന സൗകര്യ വികസനത്തിനാണ്. ഇതിനായി ഇൻഫ്രാസ്ട്രക്ച്ചേഴ്സ് കേരള ലിമിറ്റഡ്, കെ.എസ്.ഐ.ഡി.സി., കിൻഫ്ര, വ്യവസായ വാണിജ്യ വകുപ്പ് എന്നിവയുടെ സഹായത്തോടെയും പ്രവാസി മലയാളികളുടെ പങ്കാളിത്ത ത്തോടുകൂടിയും വ്യവസായ അടിസ്ഥാന സൗകര്യം ലോകനിലവാരത്തിൽ വികസിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കൂടാതെ വ്യവസായ ങ്ങൾക്ക് ഗുണനിലവാരമുള്ള ഓവൈദ്യുതി, വെള്ളം എന്നിവയുടെ ലഭ്യത ഉറപ്പുവരുത്താനുള്ള നടപടികളും എടുത്തുവരുന്നു.

തെരഞ്ഞെടുക്കപ്പെട്ട മേഖലകളിലും സാധ്യതാ പ്രദേശങ്ങളിലും വ്യവസായ ഇടനാഴികൾ സ്ഥാപിക്കുകയും ക്ലസ്റ്റർ വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഉല്പാദന, വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾക്ക് അനുയോജ്യമായ സുപ്രധാന പ്രദേശങ്ങളിൽ തൊഴിൽ വൈദഗ്ദ്ധ്യ വികസന സ്ഥാപനങ്ങൾ ആരംഭിക്കുവാനായി പ്രോത്സാഹനം നൽകുകയും സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് യോജിച്ച വിധത്തിൽ സാങ്കേതികം, ശാസ്ത്രീയം, തൊഴിൽ വൈദഗ്ദ്ധ്യ വികാസം, മാനേജ്മെന്റ് എന്നീ മേഖലകളിലെ പ്രശസ്ത സ്ഥാപനങ്ങളിലെ വൈദഗ്ദ്ധ്യം കൃത്യമായ ദിശകളിലേക്ക് തിരിച്ചുവിടുകയും ചെയ്യുന്നുണ്ട്. സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് ഉതകുന്ന തരത്തിൽ വിദേശ നിക്ഷേപം കണ്ടെത്തുവാനും ആകർഷിക്കാനും അതുവഴി സാധ്യത വർദ്ധിപ്പിക്കുവാനും സാങ്കേതിക പുരോഗതിയിൽ സഹായിക്കുവാനും നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly